മാധ്യമം

09 January 2018

# കടലിൽ കൂടുമത്സ്യകൃഷി: മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം

കൊച്ചി: കടലിൽ കൂടുമത്സ്യകൃഷി സമ്പ്രദായം വ്യവസ്ഥാപിതമായി വികസിപ്പിക്കുന്നതിന്റെ ആദ്യപടിയായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) മത്സ്യത്തൊഴിലാളികളെ പരിശീലിപ്പിക്കുന്നു.

രാജ്യത്തെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലെയും മത്സ്യത്തൊഴിലാളികളെ ഉപയോഗപ്പെടുത്തി സമീപഭാവിയിൽത്തന്നെ കടൽ കൂടുകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായാണ് പരിശീലനം. ഹൈദരാബാദ് ആസ്ഥാനമായ നാഷനൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻ.എഫ്.ഡി.ബി) സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി. പരിശീലനം പൂർത്തിയാക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സി.എം.എഫ്.ആർ.ഐ ഔദ്യോഗിക അംഗീകാര പത്രങ്ങൾ നൽകും.

സി.എം.എഫ്.ആർ.ഐയുടെ മാരികൾചർ വിഭാഗത്തിന്റെ നേതൃത്വത്തിൽ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും പ്രത്യേകമായാണ് സമഗ്ര പരിശീലനം. സി.എം.എഫ്.ആർ.ഐയുടെ കൊച്ചി കേന്ദ്രത്തിൽ ജനുവരി 29 മുതൽ 31 വരെ നടക്കുന്ന പരിശീലനത്തിൽ താൽപര്യമുള്ള, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർ ഈ മാസം 20നുമുമ്പ് 0484-2394867 (283 എക്സ്റ്റെൻഷൻ) എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യണം.